

# LITTLE

# B L E N D

## the complete digital magazine

## 2k20

GHS PERIYA 15074

# editorial board

**Mr. Suneesh A.S**
**Mrs. Sheena Vachali**

***Aleena Shibu***
***Sanaya Manoj***
***Fathimath Fida Haseen***
***Albin Joseph***



VectorStock®
VectorStock.com/1813245

# സന്ദേശം

എല്ലാവരും ഒരുപോലെ കഴിവുള്ളവർ ആകണമെന്നില്ല എന്നാൽ സ്വന്തം കഴിവുകളെ വികസിപ്പിച്ചെടുക്കാനുള്ള അവസരം ഏവർക്കും ഒരുപോലെയാണ് അതുകൊണ്ട് കുറച്ചുപേർക്ക് കിട്ടുന്ന ഈ അവസരം നിങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ എനിക്കും നമ്മുടെ സ്കൂളിലെ എല്ലാവർക്കും സന്തോഷമുള്ള കാര്യമാണ്. അതോടൊപ്പം ഈ മാഗസിൻ പുറത്തിറക്കുന്ന പേരിയ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കും പിന്നിൽ പ്രവർത്തിച്ച അദ്ധ്യാപകർക്കും ഭാവുകൾ നേരുന്നു. ഇതൊരു നല്ല തുടക്കമാകട്ടെ........

സ്കൂൾ ഹെഡ്മാസ്റ്റർ

**ശ്രീ. ശക്തിധരൻ പി.പി**



# ഉള്ളടകം


മരണം ...... സ്നേഹ തോമസ്

കോഴിക്കഥയിലെ സത്യം ...... മരിയ ജോസ്

കൈറ്റ്സ് ന്റെ ഫാക്ടറി സന്ദർശനം



# മരണം

എവിടെ പെയ്യുന്ന മഴക്കു
ചോര നിറമാണ്
ഇവിടുത്തെ കാറ്റിന്
മരണ സുഗന്ധം
ഇവിടുത്തെ കല്ലിനും മുള്ളിനും
പറയാനുണ്ട് ആ ചെറു മരണത്തെ പറ്റി
ചില്ലകൾ പെറുക്കികൂട്ടുന്ന
കൊച്ചു കുരുവിയെപോൽ
അവൾ മരണത്തെ
എണ്ണി  പെറുക്കുന്നു
ചതുപ്പിൽ പതിഞ്ഞു
കിടക്കുന്ന പുല്ലിനും
പപാറയാനുണ്ടൊരു മരണകഥ
കഴുത്തറുത്ത്
രക്തം വലിച്ചു
കുടിച്ചതുപോൽ
കൊടിവാള് കിടക്കുന്നു
എന്തൊ കണ്ടു ഭയന്നപോലെ
തൊട്ടാവാടികൾ കണ്ണുപൊത്തി
ഭയാനകമായ മരണം
കണ്ടപോൽ
പൊട്ടിക്കരഞ്ഞുകൊണ്ട്
തലതാഴ്ത്തി നിൽക്കുന്നു
ശംഖുപുഷ്പം

–

സ്നേഹ തോമസ്
8 B

# കോഴിക്കഥയിലെ സത്യം



**നാ**ണക്കേടുകൊണ്ട് മുറ്റത്തേക്കിറങ്ങിയ മത്തായി ആരുടെയും കണ്ണിൽപ്പെടാതെ അങ്ങാടിയിലേക്ക് ചെന്നു. ചായക്കട വരാന്തയിൽ ഒതുക്കിയിട്ടിരുന്ന ബെഞ്ചിൽ മൗനമായി ഇരിക്കുന്ന മത്തായിയെ കണ്ട് നാട്ടുകാർ ഓരോരുത്തരും മൂക്കത്തു വിരൽ വെച്ച് അടക്കം പറഞ്ഞു. "എന്നാലും ഈ മത്തായി മാർക്കോസിനോട് ഇങ്ങനെ ഒരു കൊലചെയ്ത്ത് ചെയ്തല്ലോ". നേരിട്ട് ചോദിയ്ക്കാൻ ആർക്കും ധൈര്യം ഉണ്ടായില്ല. പേടിച്ചിട്ടല്ല പുത്തൻപണക്കാരനായ മത്തായിയുടെ വായിലിരിക്കുന്ന പുളിച്ചതെറി വിളമ്പിയാലോ എന്നുള്ള ഒരു പേടി അവരുടെ ഉള്ളിൽ ഒളിഞ്ഞു കിടപ്പുണ്ടായിരുന്നു.ആരും തന്നോട് അടുപ്പം കാണിക്കുന്നില്ല, ലോഹ്യം പറയുന്നില്ലാ എന്നുള്ള തോന്നൽ മത്തായിയുടെ ഉള്ളിൽ പുകഞ്ഞു പുകഞ്ഞു പൊന്തിയപ്പോൾ അതൊരു നീറ്റലും പിന്നെ അത് പുകയുമായി വളർന്നുകൊണ്ടിരിക്കുന്നു. പിന്നീട് അയാൾ പതുക്കെ ബെഞ്ചിൽ നിന്ന് എഴുന്നേറ്റ് വീട് ലക്ഷ്യമാക്കി നടന്നു.

പമ്മി പമ്മി അന്തിമയക്കത്തിന് വീട്ടിലേക്ക് കയറിച്ചെന്ന അയാളെയും കാത്ത് പെമ്പറന്നോള് തലേദിവസത്തെ കോഴിക്കറിയുടെ രുചി ഓർത്തു വായിലൂടെ വെള്ളവുമൂറി കാത്തിരിപ്പുണ്ടായിരുന്നു. പുകച്ചലും നീറ്റലും പുകയും ഉള്ളിലൊതുക്കി കയറിവന്ന മത്തായിയോട് പെമ്പറന്നോള് ചോദിച്ചു."എന്നാലും മനുഷ്യനെ നിങ്ങളുടെ അമ്മ വല്ലാത്തൊരു അമ്മ തന്നെ, തെറ്റ് നമ്മുടെ ഭാഗത്താണെങ്കിലും അമ്മയ്ക്ക് എങ്ങനെ നിങ്ങളെ തള്ളിപ്പറയാൻ കഴിഞ്ഞു". ഭാര്യയുടെ പിന്തുണ തനിക്കുണ്ടെന്ന് മനസിലാക്കിയ മത്തായിയും പെമ്പറന്നോളും അമ്മയെ എങ്ങനെ വീട്ടിൽ നിന്ന് ഒഴിവാക്കണമെന്നുള്ള ആലോചനയിൽ അടക്കം പറച്ചിലുകൾ തുടങ്ങി.അമ്മ ഉറങ്ങി എന്നുള്ള ചിന്തയിൽ അടക്കം പറച്ചിലുകൾ ഉച്ചത്തിലുള്ള ആലോചനകളായി മാറിക്കൊണ്ടിരിക്കുന്നു.ഉറങ്ങാതെ കിടന്ന് മകന്റെ മനസാന്തരത്തിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ആ അമ്മ ഇങ്ങനെ കേട്ടു,"നമുക്ക് അമ്മയെ അടുത്തുള്ള വൃദ്ധമന്ദിരത്തിലാക്കാം". ആ അമ്മയുടെ ഉള്ളൊന്ന് തേങ്ങി, തേങ്ങലുകൾ,നീർച്ചാലുകളായി കിടക്കപ്പായയിലൂടെ ഒഴുകി ഇറങ്ങിയപ്പോൾ രാത്രിയുടെ യാമങ്ങളിൽ ആ അമ്മ എപ്പോഴോ മയക്കത്തിലാണ്ടു.

വെളുപ്പാൻ കാലത്തു മരുമകൾ ഇന്നുടെ കാപ്പി കൊടുത്താൽ മതിയല്ലോ എന്ന സന്തോഷത്തിൽ അമ്മയുടെ മുറിയിലേക്കു വന്നു.അവിടെ എങ്ങും അമ്മയെ കണ്ടില്ല.അമ്മയെ കാണുന്നില്ല എന്നുള്ള മുറവിളിയോട് കൂടി മത്തായിയുടെ അടുത്തേക്ക് ചെന്ന പെമ്പറന്നോളും

മത്തായിയും അമ്മയെ തേടി മുറ്റത്തെ കിണറ്റിലും തൊടിയിലുമൊക്കെ അന്വേഷിക്കാനായി വീടിനു പുറത്തേക്കിറങ്ങി. മാർക്കോസിന്റെ വീട്ടിൽ നിന്നും ഉച്ചത്തിലുള്ള വർത്തമാനവും ചിരിയും എല്ലാം കേട്ട് മത്തായിയും ഭാര്യയും പറമ്പിനെ വേർതിരിച്ചിരുന്ന മതിൽകെട്ടിന്റെ മുകളിലൂടെ മർക്കോസിന്റെ വീട്ടിലേക്ക് എത്തിനോക്കി."ഇതാണ്ടേ നിൽക്കുന്നു അമ്മ". മത്തായിയുടെ തലവെട്ടം കണ്ട് അമ്മ വിളിച്ചു പറഞ്ഞു."എന്റെ മോന് എന്നെ കൊണ്ട് പൊറുതി മുട്ടിയെങ്കിൽ വൃദ്ധമന്ദിരം ഒന്നും അനേഷിക്കേണ്ട, അതിനുവേണ്ടി കാശും കളയണ്ട എന്റെ കണ്ണടയുന്നതുവരെ ഞാൻ ഇവിടെ കഴിഞ്ഞോളാം. ഇവരെന്നെ പൊന്നുപോലെ നോക്കിക്കോളും.

ദിവസങ്ങളും ആഴ്ചകളും കടന്നുപോയി. മാർക്കോസിന്റെ വീട്ടിൽ താമസിച്ച അമ്മ സന്തോഷത്തിലും ആരോഗ്യത്തിലും നാൾക്കുനാൾ അഭിവൃത്തി പ്രാപിച്ചു കൊണ്ടിരുന്നു. അപ്പുറത്തെ വീട്ടിൽ മത്തായിയും, ഭാര്യയും അമ്മ ഇറങ്ങി പോയതിലുള്ള മനോദുഃഖം കൊണ്ട് ഉറങ്ങാൻ പോലും പറ്റാത്ത അവസ്ഥയിലായി. പുറത്തേക്കു ഇറങ്ങുമ്പോൾ കുറ്റപ്പെടുത്തുന്ന ഭാവത്തോടെയുള്ള നാട്ടുകാരുടെ നോട്ടം മത്തായിയുടെ മനോക്ലേശം വർദ്ധിപ്പിച്ചു കൊണ്ടിരുന്നു.

പിറ്റേന്ന് വെളുപ്പിന് ഉമിക്കരിക്കൊണ്ട് പല്ലു തേച്ചു മുറ്റത്തേക്കിറങ്ങിയ മർക്കോസ് കണ്ടത് മത്തായിയും ഭാര്യയും തന്റെ വീട്ടിലേക്കു വരുന്നതാണ്. വർഷങ്ങളായി തന്റെ മുറ്റത്ത് കാലുകുത്താത്ത അയൽവാസിയെ കണ്ടപ്പോൾ ഇനിയെന്നാ പൊല്ലാപ്പിനാണോ അമ്പോ വന്നിരിക്കുന്നത് എന്ന് ചിന്തിച്ചുകൊണ്ടിരുന്ന മാർക്കോസിനെ കെട്ടിപ്പിടിച്ചു കരഞ്ഞു മാപ്പ് ചോദിക്കുന്ന മത്തായിയുടെ ഒച്ച കേട്ടുകൊണ്ട് മത്തായിയുടെ അമ്മയും മാർക്കോസിന്റെ ഭാര്യയും പുറത്തിറങ്ങി വന്നു.

മത്തായി തന്റെ പറമ്പിലെ കയ്യാല പൊളിച്ചുമാറ്റി.മർക്കോസിന്റെ പറമ്പിലേക്ക് ചാഞ്ഞുവീണ പേര മരത്തിന്റെ കമ്പുകൾ വെട്ടാതെയായി. മാർക്കോസിന്റെയും മത്തായിയുടെയും കോഴികുഞ്ഞുങ്ങൾ ഒന്നിച്ചു മേഞ്ഞു നടന്നു.

**- മരിയ ജോസ് 10 C**

# കൈറ്റിൻെറ ഫാക്ടറി സന്ദർശനം



17-1-2020 വെള്ളിയാഴ്ച ഗവൺമെൻ്റ ഹൈസ്കൂൾ പേരിയയിൽ നിന്ന് കുട്ടിക്കൂട്ടം വിദ്യാർത്ഥികൾ പേരിയ പീക്കിലേക്ക് പഠനയാത്ര പുറപ്പെട്ടതിൻെറ നിരീക്ഷണ റിപ്പോർട്ട്.

10:35-ന് സ്കൂളിൽ നിന്ന് ബഹുമാനപ്പെട്ട ഹെഡ് മാസ്റ്റർ ശക്തീധരൻ സാറും കുട്ടിക്കൂട്ടം അധ്യാപകരായ ഷീനടീച്ചറും, സുനീഷ് സാറും, ഡെയ്സിചേച്ചിയും 20 വിദ്യാർത്ഥികളുംമടക്കം 24-പേര് ട്രാവലറിന് പഠനയാത്ര പുറപ്പെട്ടു.



നേരിൽ കുളിർത്തലിഞ്ഞ തേരോട്ടത്തിൻെറ കഥകൾ നാരായം കൊണ്ടെഴുതപ്പെട്ട ഈ നാട്ടിൽ ബ്രിട്ടീഷുകാരാൽ സ്ഥാപിതമായ അതിമനോഹരമായ ഫാക്ടറിയിൽ ഞങ്ങൾ 10-45-ന് എത്തിച്ചേർന്നു.

1964-ൽ "ജോർജ്ജ് സെബാസ്റ്റ്യൻ"ഇത് പുതുക്കിപ്പണിതു. ഇപ്പോൾ ഈ കമ്പനിയുടെ മാനേജർ രാജൻ ചേട്ടനാണ്. 49-വർഷമായി ഇവിടെ സേവനമനുഷ്ഠിക്കുന്ന "വർഗ്ഗീസ്"ചേട്ടനാണ് ഫാക്ടറിയുടെ ഈ ചരിത്രം ഞങ്ങൾക്ക് പറഞ്ഞു തന്നത്.

പിന്നീട് "രജിൽ"ചേട്ടായിയുടെ നേതൃത്വത്തിൽ തേയില ചപ്പ് ചായപ്പൊടിയായി മാറുന്ന രീതി ഞങ്ങൾക്ക് വളരെ വ്യക്തമായി ക്ലാസ് എടുത്തുതന്നു.



തോട്ടം തൊഴിലാളികൾ തേയിലച്ചെടിയുടെ തളിരിലകൾ നുള്ളിയെടുത്ത് വായുസഞ്ചാരമുള്ള ചാക്കിൽ കെട്ടി ഫാക്ടറിയിൽ എത്തിക്കുന്നു. 15000 അഥവാ 150 കിൻ്റൽ ചപ്പ് 24 മണിക്കൂർ കൊണ്ട് അരച്ചെടുക്കുന്നു.

ചപ്പ് "ഡഫ്" എന്ന മിഷ്യനിലെ താപം ഫാൻ വഴി ഡഫിലെത്തുന്നു. ജലാംശം വേർതിരിച്ച ചപ്പ് തോഴിലാളികൾ വാരി ഒരു കുഴൽ വഴി "റോട്ടർ വാൻ " ൽ എത്തിക്കുന്നു. ഇവിടെ വെച്ച് ചപ്പ് അരയുന്നു. ശേഷം അരഞ്ഞചപ്പ് CTC വോട്ടറിലോക്ക് പ്രവോശിക്കുന്നു. പൊടിയുന്നതുമൂലം ഇലകളിൽ കോശങ്ങൾ വിഘടിച്ച തന്മത്രുയുക്കുന്നതുമൂലം ഇലയുടെ നിറം മാറുന്നു 5 CTC വോട്ടറിലേക്ക് ചപ്പുകൾ പ്രവേശിച്ച് തരികളായ "ഡ്രം" ൽ എത്തിച്ചേരുന്നു. 750 kg ഭാരം വരെ താങ്ങുന്ന മിഷ്യനാണ് "ഡ്രം" ഈ യന്ത്രം 260$^0$C ചൂടിൽ 20 മിനിറ്റുകൊണ്ട് ചപ്പിനെ ഉണക്കിയതിനുശേഷം "Tea drier" ലോക്കു കടത്തിവിടുന്നു. തരികളായി മാറിയ ചപ്പ് "Tea drier" ൽനിന്ന് "ഫൈബ്രോ മേറ്റ്" മിഷ്യനിലേക്ക് പ്രവേശിക്കുന്നു. ഫൈബ്രോമേറ്റിൽ 3 പ്രവർത്തനങ്ങളാണ് നടക്കുന്നത്. തരികളായ ചപ്പിനെ അരിക്കുന്നു, അവശേഷിക്കുന്ന നാരുകൾ പുറന്തള്ളുന്നു. അരിച്ചെടുത്ത തരികൾ പാക്കിംഗ് നായി ഗ്രേഡിംഗ് റൂമിലേക്ക് പ്രവേശിക്കുന്നു. പുറന്തള്ളുന്നനാരുകൾ ചെടിക്കുവളമായി ഉപയോഗിക്കുന്നു. ഗ്രേഡിംഗ് റൂമിൽവെച്ച് ഈ പൊടിയെ വലിപ്പാനുസരണം 7 ഇനമായി തരംതിരിക്കുന്നു. ഗ്രേഡിംഗ് റൂമിലെ

പ്രവർത്തനങ്ങൾ ഞങ്ങൾക്ക് പറഞ്ഞുതന്നത് നബീസ ചേച്ചിയാണ്. 'ലോക്കൽ ചെയ്ൻ' എന്ന അരിപ്പ വഴിയാണ് ഇനം തിരിക്കുന്നത്. ഗ്രേഡായി പാക്കുചെയ്യുന്ന പാക്കിംഗ് മിഷൈനാണ് ഗ്രേഡിംഗ് മിഷൈൻ.

ഏറ്റവും കട്ടപ്പം കൂടിയതും മൃദുലവും ആയ പൊടിയാണ് $1^{st}$ ഗ്രേഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കട്ടപ്പം കുറഞ്ഞതും ഉരുണ്ടതും ദൃഢവുമായ പൊടിയാണ് 7-ാം ഗ്രേഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിദേശ രാജ്യങ്ങളിലേക്ക് കടത്തിവിടുന്നത് ഈ പൊടിയാണ് 30 കിലോ മുതൽ 54 കിലോ വരെയുള്ള ചാക്കുകളാണ് കൊച്ചിയിലേക്ക് കയറ്റുമതി ചെയ്യുന്നത്. കിലോയ്ക്ക 120 രൂപയാണ് വില ഈ കമ്പനിയി ൽ 60 തൊഴിലാളികൾ ഉണ്ട്. ഒരു മാസം 4 ലക്ഷം രൂപയാണ് കറണ്ട്ബില്ല് . കറണ്ട് പോകുമ്പോൾ ഉപയോഗിക്കുന്ന ജനറേറ്റർ 32kv ആണ്. തേയില തളിര് 10 മണിക്കൂറുക്കൊണ്ടാണ് ചായപ്പൊടിയായി മാറുന്നത്. ഈ ചായപ്പൊടിയിൽ തേയില ഇലയുടെ എല്ലാതരം മേന്മകളും ഉൾക്കൊള്ളുന്നു. 24 മണിക്കൂറും ഇവിടെ ഫാക്ടറി പ്രവർത്തിച്ചുവരുന്നു.

അതിമനോഹരമായ ഈ ഫാക്ടറി വന്നുകാണുവാനും പ്രവർത്തനത്തെക്കുറിച്ചു മനസിലാക്കാനും ഞങ്ങൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സാധിച്ചു. ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരനുഭവമായി ഈ കാഴ്ച ഞങ്ങളുടെ ഹൃദയത്തിൽ കിറിക്കപ്പെട്ടു. കുളിരും തോരാത്തമഴയും ഭീതിവിറപ്പിച്ചിട്ടുംപതറാതെ തളരാതെ മുന്നോട്ടു പോകുന്ന ഈ ഫാക്ടറി **പേരിയ** നാടിൻെ അഭിമാനമാണ് സസ്യങ്ങളുടെ ഹരിതഗണങ്ങൾ പോലെ ശോഭിച്ചു നിൽക്കുന്ന ഈ ഫാക്ടറി ഇനിയും ഇനിയും ഉയരങ്ങളിലെത്താൻ സാധിക്കട്ടെ എന്നു മാത്രം പ്രാർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് യോഗസമക്ഷം സമർപ്പിക്കുന്നു.

എന്ന്

കുട്ടിക്കൂട്ടം വിദ്യാർത്ഥികൾ

അലീന ഷിബു

അർജ്ജുൻ കെ. എം

ആൽബിൻ ജോസഫ്

സനയ മനോജ്

ഫാത്തിമ ഫിദ ഹസീൻ

സൂര്യ തേജ


Thank You